# <u>പോലീസുദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയ ആൾ പിടിയിൽ</u>

കല്ലൂർക്കാട് പോലീസ് സ്റ്റേഷനിലെ ജനമൈത്രി പോലീസുദ്യോഗസ്ഥരെ ഭവനസന്ദർശനത്തിനെത്തിയ സമയം കത്തികാട്ടി ഭീഷിണിപ്പെടുത്തിയ കേസ്സിലെ പ്രതിയായ കാവക്കാട്, പുതുവേലിച്ചിറ വീട്ടിൽ അഭിലാഷ് (40), എന്നയാളെ കല്ലൂർക്കാട് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ കെ.ജെ പീറ്റർ അറസ്റ്റ് ചെയ്തു. പോലീസുദ്യോഗസ്ഥർ 11.01.21 തിയ്യതി പ്രതിയുടെ വീട്ടിലെത്തി അസുഖബാധിതനായ പിതാവിനേയും, ഭിന്നശേഷിക്കാരിയായ സഹോദരിയേയും കണ്ട് വിവരങ്ങൾ അന്വേഷിക്കുന്നത് കണ്ട പ്രതി ഒരു കത്തിയുമായി ഈ പോലീസുദ്യോഗസ്ഥർക്ക് നേരെ വന്ന് ഭീഷണിപ്പെടുത്തുകയും, അസഭ്യവാക്കുകൾ പറഞ്ഞ് ഔദ്യോഗിക ജോലി തടസ്സപ്പെടുത്തുകയുമായിരുന്നു. അന്വേഷണ സംഘത്തിൽ അസിസ്റ്റൻറ് സബ്ബ് ഇൻസ്പെക്ടർ മാരായ ഷിബു ജോസ്, ജെയിംസ്, എസ്.സി.പി.ഒ ജിമ്മോൻ എന്നിവരുമുണ്ടായിരുന്നു. പ്രതിയെ. മൂവാറ്റുപുഴ കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു. .